പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 781 — 08.01.2014-ൽ മറുപടിയ്ക്ക്

## മലപ്പുറം ജില്ലയിലെ തീരപ്രദേശങ്ങളിലെ മന്ത് രോഗികൾ

**ചോദ്യം** — **മറുപടി**

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) മലപ്പുറം ജില്ലയിലെ പൊന്നാനി അടക്കമുള്ള തീരപ്രദേശങ്ങളിൽ ഫൈലേറിയ രോഗികൾ ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) മലപ്പുറം ജില്ലയിലെ പൊന്നാനി അടക്കമുള്ള തീരപ്രദേശങ്ങളിൽ മന്ത് രോഗ വാഹകർ ഉള്ളതായി സർവ്വെ ഫലങ്ങളിൽ നിന്നും വ്യക്തമായിട്ടുണ്ട്. |
| (ബി) മന്ത് രോഗികളുടെ എണ്ണത്തിൽ പൊന്നാനിയെ ഹോട്ട് സ്പോട്ട് ആയി ആരോഗ്യ വകുപ്പ് കണക്കാക്കിയിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) പൊന്നാനിയിൽ ഉണ്ടായിരുന്ന വെക്ടർ കൺട്രോൾ യൂണിറ്റ് പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്ന് തുടങ്ങാനാകും ; | (സി) പൊന്നാനിയിൽ വെക്ടർ കൺട്രോൾ യൂണിറ്റ് നിലവിലുണ്ടായിരുന്നില്ല. മലപ്പുറം ഡി.വി.സി. യൂണിറ്റ് രൂപീകൃതമാകുന്നതിന് മുമ്പ് മന്ത് രോഗ കൊതുക് നിയന്ത്രണത്തിന് വേണ്ടി ഒരു ഫൈലേറിയ ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള എൻ.എഫ്.സി.പി. യൂണിറ്റ് പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ജില്ലയിലെ ഡി.വി.സി. യൂണിറ്റിന്റെ ഒരു ഫീൽഡ് സ്റ്റേഷൻ പൊന്നാനിയിൽ ആരംഭിക്കുന്നതിനുള്ള ശ്രമം കഴിഞ്ഞ 2 വർഷമായി നടന്നുവരുന്നു. ടി ഫീൽഡ് സ്റ്റേഷൻ പ്രവർത്തിക്കുന്നതിനാവശ്യമായ കെട്ടിട സൗകര്യങ്ങൾ നൽകണമെന്ന് പൊന്നാനി മുനിസിപ്പാലിറ്റി അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ ആരോഗ്യ വകുപ്പിന്റെയോ പൊന്നാനി മുനിസിപ്പാലിറ്റിയുടെയോ, യാതൊരു കെട്ടിടവും ഇതിനായി ലഭ്യമായിട്ടില്ല. |
| (ഡി) ആവശ്യത്തിന് ഫീൽഡ് വർക്കർ തസ്തികകൾ മലപ്പുറം ജില്ലയിൽ നിലവിലില്ലാത്തത് രോഗ പ്രതിരോധ രംഗത്ത് തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) സ്ഥിരമായ ഫീൽഡ് വർക്കർമാരുടെ അഭാവം ജില്ലയിൽ നിലവിലുണ്ട്. എന്നാൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ച 24 താൽക്കാലിക സ്പ്രേമാൻമാർ ഈ യൂണിറ്റിന് കീഴിൽ രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനാൽ പ്രസ്തുത പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടക്കുന്നുണ്ട്. |

| | |
|---|---|
| (ഇ) നിലവിൽ എത്ര ഫീൽഡ് വർക്കർ തസ്തികകളാണ് മലപ്പുറം ജില്ലയിൽ ഉള്ളത്; ജനസംഖ്യാനുപാതികമായി തസ്തികകൾ നിലവിലുണ്ടോ ; | (ഇ) 20 ഫീൽഡ് വർക്കർമാരുടെ തസ്തിക നിലവിലുണ്ട്. ജനസംഖ്യാനുപാതികമായി ഫീൽഡ് വർക്കർമാരുടെ തസ്തിക ജില്ലയിൽ ഇതുവരെ അനുവദിച്ചിട്ടില്ല. |
| (എഫ്) ഇല്ലെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ? | (എഫ്) മലപ്പുറം ജില്ലയിൽ ഫീൽഡ് വർക്കർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലിൽ മറ്റ് ജില്ലകളിലെ നിലവിലുള്ള തസ്തികകളുടെ എണ്ണവും ഉൾപ്പെടുത്തി യിരുന്നു. മറ്റ് ജില്ലകളിൽ അധികമുള്ള തസ്തികകൾ പുനർവിന്യസിക്കുന്നതിനുള്ള സാദ്ധ്യത ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആരായുകയുണ്ടായി. ആലപ്പുഴ, ഇടുക്കി, കോഴിക്കോട് എന്നീ ജില്ലകളിൽ നിന്ന് പുനർവിന്യാസം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടില്ല. മറ്റ് ജില്ലകളിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം പുനഃവിന്യാസം ചെയ്യാൻ അധിക തസ്തികകൾ പ്രസ്തുത ജില്ലകളിൽ നിലവിലില്ല എന്ന വിവരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് (22069/എഫ് 2/12/ആ.കു.വ നമ്പർ ഫയലിൽ) തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ